LIBRARY ARCHIVES Kerala Legislative Assembly

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ഇന്ദിര ആവാസ് യോജന പ്രകാരം ഭവന നിർമ്മാണത്തിന് സഹായം

1 (1397) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ കരുവട്ടൂർ ഗ്രാമ പഞ്ചായത്തിലെ ചെറിയപ്പറ്റകുന്ന് നാരായണൻ എന്ന ആൾക്ക് ഇന്ദിര ആവാസ് യോജന പ്രകാരം ഭവന നിർമ്മാണത്തിന് സഹായം ലഭിച്ചിരുന്നോ എന്ന് അറിയിക്കുമോ ;

(ബി) ലഭിച്ചിട്ടുണ്ടെങ്കിൽ വിശദവിവരം വെളിപ്പെടുത്താമോ ;

(സി) ഇല്ലെങ്കിൽ ധനസഹായം അനുവദിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) കോഴിക്കോട് ജില്ലയിലെ കരുവട്ടൂർ ഗ്രാമ പഞ്ചായത്തിലെ ചെറിയപ്പറ്റകുന്ന് നാരായണൻ എന്ന ആളുടെ ഭാര്യ ജാനുവിന്റെ പേരിൽ 2004-05-ൽ ഐ.എ.വൈ. പദ്ധതി പ്രകാരം ഭവന നിർമ്മാണത്തിന് ധനസഹായമായി 29,900 രൂപ നൽകിയിട്ടുണ്ട്. 2005-06 ൽ വീട്ടുപണി പൂർത്തീകരിച്ചിട്ടുണ്ട്.

### തീവ്രപങ്കാളിത്ത ആസൂത്രണ പദ്ധതി

2 (1398) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :
ശ്രീ. ബി. സത്യൻ :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്കായി 2015-16 വർഷത്തേക്ക് തീവ്രപങ്കാളിത്ത ആസൂത്രണ പദ്ധതി (Intensive participatory Planning Exercise) പ്രകാരം കേരളത്തിലെ ബ്ലോക്കുകൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ ;

(ബി) ഐ.പി.പി.ഇ. പ്രകാരം ജില്ലാടിസ്ഥാനത്തിൽ ഏതൊക്കെ ബ്ലോക്കുകളിലാണ് പ്രസ്തുത പദ്ധതി നടപ്പാക്കാൻ തെരഞ്ഞെടുത്തത് എന്ന് വിശദമാക്കാമോ ;